# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1175 04.12.2014 -ലെ മറുപടിയ്ക്ക്**

**റാന്നി കിസുമത്തെ സർക്കാർ സ്കൂളിൽ +2 കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | റാന്നി താലൂക്കിന്റെ കിഴക്കൻ പട്ടികവർഗ്ഗ മേഖലയായ കിസുമത്തെ സർക്കാർ സ്കൂളിൽ എന്നുമുതലാണ് +2 കോഴ്സ് ആരംഭിച്ചത് ; പ്ലസ് ടുവിന് ഏതൊക്കെ ബാച്ചാണ് ഇവിടെ അനുവദിച്ചിരിക്കുന്നത്; ഓരോ ബാച്ചിലും എത്ര കുട്ടികൾക്കു വീതമാണ് അഡ്മിഷൻ നൽകുന്നത്; | (എ) | 2004-മുതൽ. കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകൾ. ഓരോ ബാച്ചിലും 50 കുട്ടികൾക്ക് വീതം. |
| (ബി) | ഈ പ്രദേശത്തെ കുട്ടികൾക്ക് മറ്റു സ്കൂളുകളിൽ പഠനാവശ്യത്തിന് പോകാൻ കിലോമീറ്ററുകൾ സഞ്ചരിക്കണം എന്നതും, കിസുമം ഹയർ സെക്കണ്ടറി സ്കൂളിൽ സയൻസ് വിഷയങ്ങളുടെ കോമ്പിനേഷൻ ഇല്ലാത്തതിനാൽ കുട്ടികൾക്ക് സയൻസ് പഠിക്കാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. സ്കൂൾ അനുവദിക്കുന്നതിനായി അപേക്ഷിച്ച സമയത്ത് സ്കൂൾ അധികൃതർ ആവശ്യപ്പെട്ട പ്രകാരം ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളാണ് അനുവദിച്ചത്. |
| (സി) | കുട്ടികളുടെ സൗകര്യാർത്ഥം സയൻസ് ഗ്രൂപ്പ് അനുവദിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (സി) | പ്രസ്തുത സ്കൂൾ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിൽ അധിക ബാച്ച് അനുവദിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ